
# രാമായണം

## വ്യക്തിജീവിതത്തിൽ

സ്വാമി അശേഷാനന്ദ



നമ്മുടെ ജീവിതലക്ഷ്യം ശാശ്വതശാന്തിയാണ്. അതിന്റെ പ്രതീകമാണ് സീത. ആ സീതയെ (ശാന്തി) ആനന്ദസ്വരൂപനായ രാമനേ വിവാഹം കഴിക്കാൻ കഴിയൂ. ആനന്ദവും ശാന്തിയും ഒരുമിച്ചേ ഇരിക്കൂ (അശാന്തസ്യ കുതഃസുഖം) ശാന്തി ഇല്ലാത്തവന് സുഖമെവിടെ? ആനന്ദസ്വരൂപനായ ആത്മാവിന്റെ സാക്ഷാത്ക്കാരത്തിലേ ശാശ്വതശാന്തിയും സുഖവുമുള്ളൂ. അതിനാൽ രാമൻ ആത്മജ്ഞാനത്തിന്റെ പ്രതീകം. വിഷയവിരക്തമായ മനസ്സിലേ ജ്ഞാനം–ആത്മാനുഭവം ഉണ്ടാകൂ. വിഷയാസക്തിയാണ് ആത്മജ്ഞാനത്തിന് തടസ്സം. ആ വിഷയ വിരാഗത്തെയാണ് ലക്ഷ്മണൻ പ്രതിനിധാനം ചെയ്യുന്നത്. വൈരാഗ്യസേവയാണ് ലക്ഷ്മണൻ ചെയ്തത്. പതിനാലുവർഷം ഉറക്കമില്ലാതെ അഖണ്ഡ ബ്രഹ്മചര്യത്തോടെ പ്രഭുസേവ ചെയ്തു. ജ്ഞാനവും വൈരാഗ്യവും ഒന്നിച്ചേ ഇരിക്കൂ. ആരുടെ മനസ്സിൽനിന്നും വിഷയാസക്തി പൂർണ്ണമായും വിട്ടുപോയോ അവിടെമാത്രമേ ജ്ഞാനം ഉണ്ടാകൂ. അതാണ് ലക്ഷ്മണനും ശ്രീരാമനും എപ്പോഴും ഒരുമിച്ച് സഞ്ചരിക്കുന്നതിലെ തത്വം. സീതയെ വിദേഹസുതയെന്നാണ് പറയാറ്. വിദേഹനെന്നാൽ ദേഹാഭിമാനം ഇല്ലാത്തയാൾ എന്നർത്ഥം – ആത്മജ്ഞാനി. ആത്മജ്ഞാനിക്കേ ശാന്തിസ്വരൂപിണിയാകുന്ന സീതയെ മകളാക്കാൻ കഴിയൂ. ദേഹാഭിമാനികൾക്ക് ശാന്തിയില്ല. ആ വംശജരെല്ലാം ആത്മജ്ഞാനികളായിരുന്നല്ലോ. ആ സീതയെ (ശാന്തി) രാമനുമായി ബന്ധപ്പെടുത്തുകയാണല്ലോ വിശ്വാമിത്രൻ ചെയ്യുന്നത്. ആരാണ് വിശ്വാമിത്രൻ? വിശ്വത്തിനു മുഴുവൻ മിത്രമായവൻ. സ്വന്തം ആത്മാവിനെ സാക്ഷാത്ക്കരിച്ച് സർവ്വവും ആത്മസ്വരൂപമായി കാണുന്നവൻ. ഈശാവാസ്യമിദം സർവ്വം എന്നറിഞ്ഞവൻ. അങ്ങനെയുള്ള ഈ മഹാത്മാവ് സർവ്വർക്കും ബന്ധുവും ഗുരുവുമാണ്. അവരാണ് നമുക്ക് ശാന്തിക്കുള്ള മാർഗ്ഗം പറഞ്ഞുതന്ന് അവിടേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നത്. ഇനി രാമനോടൊപ്പം ഭരതനും ശത്രുഘ്നനും കൂടിയുണ്ട്. എന്താണ് ഇവരുടെ തത്വം–ശാന്തി ആത്മജ്ഞാനംകൊണ്ടും, ജ്ഞാനം വിരക്തികൊണ്ടും, വിരക്തി ഭക്തികൊണ്ടും വേണം ഉണ്ടാകാൻ. ഭരതൻ ഈ ഭക്തിയെ കുറിക്കുന്നു. ശുദ്ധഭക്തിയിൽ ഒന്നും ഭക്തൻ ഭഗവാനിൽനിന്നും പ്രതീക്ഷിക്കുന്നില്ല. ഭക്തന് ഭഗവാനിൽ നിന്നൊന്നും വേണ്ട. തന്റെ സ്വാമിയുടെ സേവയിൽ തൃപ്തനാണ്. പ്രഭുവിന്റെ സന്തോഷം മാത്രമേ കാംക്ഷിക്കുന്നുള്ളൂ. 'സാ ന കാമയമാനാ നിരോധ രൂപത്വാത്' ഭക്തിയിൽ കാമനകളില്ല എന്നാണ് നാരദൻ തന്റെ ഭക്തിസൂത്രത്തിൽ പറയുന്നത്. അവിടെ സേവനം നിസ്വാർത്ഥമാണ്. സ്നേഹവും സേവനവും ഒന്നിച്ചേ ഇരിക്കൂ. എവിടെ സ്നേഹമുണ്ടോ അവിടെ സേവനമുണ്ട്. സേവനം സ്നേഹത്തിന്റെ മുഖമുദ്രയാണ്. ആ ശുദ്ധപ്രേമത്തിന്റെയും നിസ്വാർത്ഥസേവയുടേയും പ്രതീകമാണ് ക്രമത്തിൽ ഭരതനും ശത്രുഘ്നനും. ഇതിൽ നെടുംതൂണായി നില്ക്കുന്നത് ഭരതനാണ്. ഭരതനും ശത്രുഘ്നനും ഒരുമിച്ചേ നടക്കൂ.

അതായത്, ഭക്തിയും നിഷ്ക്കാമ കർമ്മവും, സ്നേഹവും സേവനവും ഒന്നിച്ചേ ഇരിക്കൂ. അപ്പോൾ സീത = ശാന്തി, ശ്രീരാമൻ = ജ്ഞാനം, ലക്ഷ്മണൻ = വിഷയവൈരാഗ്യം, ഭരതൻ = ശുദ്ധഭക്തി, ശത്രുഘ്നൻ = നിസ്വാർത്ഥസേവനം. ഇവ നാലും ആരിലുണ്ടോ അവിടെ സീത, അതായത് ശാന്തി, ഉണ്ടാകും. ഈ ഗുണങ്ങൾ സ്വഹൃദയത്തിൽ വളർത്താത്തവർക്കുണ്ടാവില്ല. ഭരതനും ശത്രുഘ്നനും ലക്ഷ്മണനും രാമനും സീതയുംകൂടി ഒരുമിച്ച് അയോദ്ധ്യയിൽ (സംഘർഷം, യുദ്ധം ഇല്ലാത്ത ഹൃദയം) ഇരിക്കുമ്പോൾ എന്തു രസമാണ്. പക്ഷേ രാമനും ലക്ഷ്മണനും സീതയ്ക്കും അയോദ്ധ്യയിൽ നിന്നും കാട്ടിൽ പോകേണ്ടിവന്നു. എന്തുകൊണ്ട്? കൈകേയിയുടെ സ്വാർത്ഥത കാരണം. അതെപ്പോൾ വന്നു? മന്ഥര ഭേദബുദ്ധി ഉണർത്തി വിട്ടപ്പോൾ. ഇത് രണ്ടും എപ്പോൾ? ഭരതനും ശത്രുഘ്നനും അവിടെ നിന്നും പോയപ്പോൾ. അതായത്, സ്നേഹവും ത്യാഗവും ഇല്ലെങ്കിൽ അവിടെ ഭേദഭാവനയും സ്വാർത്ഥതയും തലപൊക്കും. അതായത് ഭക്തിയും സേവഭാവവും ശുദ്ധപ്രേമവും ത്യാഗഭാവവും നമ്മുടെ ഹൃദയത്തിൽനിന്നും പോയാൽപിന്നെ അവിടെ ഭേദഭാവനയും സ്വാർത്ഥതയും കടന്നുവരും എന്നു കാണിക്കുന്നു. എപ്പോൾ ആസക്തി വരുമോ അപ്പോൾ വൈരാഗ്യം പോകും. വൈരാഗ്യം ഇല്ലെങ്കിൽ പിന്നെ ജ്ഞാനത്തിനും ജ്ഞാനം ഇല്ലെങ്കിൽ ശാന്തിക്കും അവിടെ ഇരിക്കാൻ ആവില്ല. അതാണ് മൂന്നു പേർക്കും കാട്ടിലേയ്ക്ക് പോകേണ്ടിവന്നതിന്റെ പിന്നിലെ തത്വം. ഇനി രാമ – ലക്ഷ്മണ – സീതാദേവിമാരെ തിരിച്ചുകൊണ്ടുവരണം. ആർക്കാണ് അതിനു കഴിഞ്ഞത്? ഭരതന്. ഭരതന്റെ സ്നേഹത്തിനു മുമ്പിൽ രാമനും മറ്റുള്ളവർക്കും തിരിച്ചുവരാതിരിക്കാനായില്ല. പതിന്നാലുവർഷം കഴിഞ്ഞ് പിറ്റേന്നാൾ ശ്രീരാമനെ കണ്ടില്ലെങ്കിൽ ഭൂമിയിൽ ജീവിച്ചിരിക്കില്ല എന്ന ഭരതന്റെ വാക്ക് രാമനെ വല്ലാതെ സ്പർശിച്ചു. ഭരതനും ശത്രുഘ്നനും അയോദ്ധ്യയിൽ ഉണ്ടായിരുന്നെങ്കിൽ രാമന് കാട്ടിൽ പോകേണ്ടി വരില്ലായിരുന്നു. ഭരതന്റെ രാമഭക്തിയിൽ നിന്നും ഭരതന്റെ വാക്കുകളിൽനിന്നും ഇതു മനസ്സിലാക്കാം. ഓരോ ഹൃദയത്തിലും ശാന്തി വേണമെങ്കിൽ ആദ്യം ഉണ്ടാകേണ്ടത് നിഷ്ക്കളങ്കമായ ഭഗവത് ഭക്തിയാണ് (ഭരതൻ). ഈ ഭക്തി ഉണ്ടായാൽ തന്റെ ജീവിതവും കർമ്മങ്ങളും പ്രഭുവിന്റെ പ്രീതിക്കായി അനുഷ്ഠിക്കും. ഭക്തിയില്ലാത്തആൾക്ക് തന്റെ കർമ്മങ്ങളെ ഭഗവദർപ്പണം ചെയ്യാനാവില്ല. ഭക്തിയിൽ സ്വാർത്ഥത തെല്ലുമില്ല; ത്യാഗമുണ്ടുതാനും. പ്രഭുവിന്റെ സന്തോഷം മാത്രം. അതാണ് ശത്രുഘ്നൻ. നമ്മുടെ ശത്രു ആരാണ്? അഹങ്കാരം. സ്വാമി തന്റെ സേവ ചെയ്യാൻ ഒരാളോടു പറയണമെങ്കിൽ എത്ര നിരഹങ്കാരിയായിരിക്കണം ആ വ്യക്തി. രാമനു വേണ്ടി രാജ്യം ഭരിച്ചത് ആരാണ്? ശത്രുഘ്നൻ. കർട്ടനുപിറകിൽ പ്രവർത്തിക്കുന്ന യഥാർത്ഥ പ്രവർത്തകരെപ്പോലെ. അദ്ദേഹത്തിന്റെ പേര് രാമായണത്തിൽ അധികം സ്ഥലത്ത് കാണില്ല. നിശബ്ദ

OM NAMO NARAYANAYA

സേവനമായിരുന്നു ശത്രുഘ്നന്റേത്. അംഗീകാരമോ അനുമോദനങ്ങളോ പ്രതീക്ഷിക്കാതെ നാം സ്വാമി സേവ – ഭഗവദ്സേവ – ചെയ്യുമ്പോൾ മനസ്സിലെ വാസനകൾ ക്ഷയിക്കും: സ്വാർത്ഥയും ബഹിർമുഖതയും പോയി മനസ്സ് ശുദ്ധമാകും; മനസ്സ് വിഷയവിമുക്തമാകും; ജ്ഞാനസമ്പാദനത്തിന് യോഗ്യരാകും. വെറുപ്പോ വിദ്വേഷമോ അല്ല വൈരാഗ്യം; രാഗവും ദ്വേഷവുമില്ലാത്ത സ്വതന്ത്രവും ഊർജ്ജസ്വലവുമായ മനസ്സാണ്. ഈ മനസ്സാണ് ആത്മവിചാരമാകുന്ന ധ്യാനത്തിന് പറ്റിയ ഉപകരണം. അതിലൂടെ ആത്മാനുഭാവവും ശാശ്വതശാന്തിയും. അതിനെയാണ് രാമനും സീതയും പ്രതിനിധാനം ചെയ്യുന്നത്. ഇതൊക്കെ നമ്മുടെ ഉള്ളിൽ ഉണ്ടാവേണ്ടതല്ലോ? അങ്ങനെയാണെങ്കിൽ രാമായണം നിത്യജീവിതത്തിൽ സംഭവിക്കുന്നില്ലേ? പഴയ കഥ മാത്രമോ? ഇവടെ മുഖ്യം ഭക്തി (ഭരതൻ) ആണ്. ഭക്തിയുണ്ടായാൽ സാധകന് എല്ലാം വരും. അതില്ലെങ്കിൽ, അതായത് ഭരതൻ പോയാൽ, എല്ലാം നഷ്ടപ്പെടും. രാമൻ പോയപ്പോൾ അയോദ്ധ്യ മുഴുവൻ നിത്യദുഃഖത്തിലാണ്ടു. നമ്മുടെ അവസ്ഥയും അതുതന്നെ. ഭഗവത്ഭക്തി, ഈശ്വരാർപ്പണകർമ്മം, വാസനാക്ഷയം, വിഷയവൈരാഗ്യം, ജ്ഞാനം, ധ്യാനം, ആത്മാനുഭൂതി, ശാശ്വതശാന്തി – ഇതാണ് ക്രമം. ഭക്തിയില്ലെങ്കിൽ അഹങ്കാരത്തിന്റെ, രാഗദ്വേഷങ്ങളാൽ പ്രേരിതമായ കർമ്മം മാത്രം. സ്വാർത്ഥത, ആസക്തി ഇതും നമുക്ക് രാമായണത്തിൽ കാണാം. ഭരതശത്രുഘ്നന്മാർ പോയപ്പോഴാണ് മന്ഥരയുടെ രംഗപ്രവേശനവും കൈകേയിയുടെ ഭേദഭാവനയും സ്വാർത്ഥതയും രാമാദികളെ അയോദ്ധ്യയിൽനിന്നും കാട്ടിലേയ്ക്കയച്ചത്. ചിന്തിക്കൂ; ഈ രാമായണം നമ്മളിൽ സംഭവിക്കുന്നില്ലേ? മനുഷ്യഹൃദയങ്ങളിൽ നഷ്ടപ്പെടുന്നതും തിരികെ കൊണ്ടുവരേണ്ടതും ഭക്തിയെയാണ് (ഭരതനെ). ഭക്തിയാണ് അമ്മ; ജ്ഞാനവൈരാഗ്യങ്ങൾ മക്കളും, മുക്തി ദാസിയും (ശാന്തി). ഒരാളിൽ ഇവർ നാലും – രാമ – ലക്ഷ്മണ – ഭരത – ശത്രുഘ്നന്മാർ സമ്മേളിക്കുമ്പോൾ ആനന്ദസ്വരൂപനായ ആത്മാവിന്റെ അനുഭവവും ശാന്തിയും കിട്ടും. ഈ രാമായണം കുടുംബജീവിതത്തിലും സാമൂഹിക ജീവിതത്തിലും നമുക്കു കാണാം.

## രാമായണവും കുടുംബഭദ്രതയും

എല്ലാവരും കുടുംബത്തിൽ സംതൃപ്തിയും ശാന്തിയും സമാധാനവും ആഗ്രഹിക്കുന്നു. പക്ഷേ പലസ്ഥലത്തും അതില്ല. ഇവിടെ ഭരതൻ പരസ്പര സ്നേഹമാണ്. പരസ്പരധാരണയും ത്യാഗവും നിസ്വാർത്ഥസേവയും ഇല്ലാത്തതുകാരണം കുടുംബത്തിൽ ശാന്തിയില്ല. ഓരോ വ്യക്തികളും തമ്മിലുള്ള സ്നേഹം ശുദ്ധമാണെങ്കിൽ അവിടെ പ്രതീക്ഷയും സ്വാർത്ഥതയും ഉണ്ടാകില്ല. മറിച്ച് തന്റെ സ്നേഹഭാജനത്തിന്റെ സുഖവും ദുഃഖവും തന്റെ സുഖവും ദുഃഖവുമായികാണും. സ്നേഹഭാജനത്തിനു വേണ്ടി എന്തുചെയ്താലും അധികമാവില്ല. അത് ഭാരവും കഷ്ടവുമാകില്ല. എത്ര ചെയ്യാൻ സാധിച്ചോ അത്രയാണ് സംതൃപ്തി. ത്യാഗവും സ്വാഭാവികം. ശത്രുഘ്നൻ ആ ത്യാഗമാണ്. സ്നേഹമുള്ളേടത്ത് പരസ്പരധാരണയുണ്ടാകും. രാമൻ = ജ്ഞാനം = പരസ്പരധാരണ. ഇന്നത്തെ നമ്മുടെ സ്നേഹം ശുദ്ധമല്ല. മറ്റുള്ളവരെ സ്നേഹിച്ചിട്ട് നാം പലരും ദുഃഖികളും നിരാശരും പരാതിക്കാരുമാണ്. വർഷങ്ങളോളം ഒന്നിച്ചു ജീവിച്ചിട്ടും മക്കളും പേരക്കുട്ടികളും ആയിട്ടും പരസ്പരം അറിയാൻ സാധിച്ചിട്ടില്ലാത്ത എത്ര ദമ്പതിമാരുണ്ട്. പരസ്പരധാരണയ്ക്കു പകരം തെറ്റിദ്ധാരണയാണ്. നമ്മുടെ സ്നേഹം ശുദ്ധമാണോ? എങ്കിൽ കുറ്റപ്പെടുത്തലുകൾ ഉണ്ടാവില്ല. അച്ഛനുവേണ്ടി അമ്മയും അമ്മയ്ക്കുവേണ്ടി അച്ഛനും മക്കൾക്കുവേണ്ടി മാതാപിതാക്കളും അവർക്കുവേണ്ടി മക്കളും പലതും ചെയ്യുന്നു. നിങ്ങൾക്കുവേണ്ടിയാണ് ഞാൻ കഷ്ടപ്പെടുന്നതും ജീവിക്കുന്നതും എന്നാണ് ഓരോരുത്തരുടേയും അവകാശവാദം. എന്നിട്ടും ആരും സുഖികളോ തൃപ്തരോ അല്ല, ചിന്തിക്കു! ആ കുടുംബത്തിൽ ശാന്തി (സീത) എവിടെയുണ്ടാകും? ഭരതന്റെ അഭാവമായിരിക്കും കാരണം – ശുദ്ധസ്നേഹം; പ്രതീക്ഷകളില്ലാത്ത സ്നേഹം. നമ്മുടെ സ്വപ്നങ്ങളും പ്രതീക്ഷകളും സങ്കല്പങ്ങളും കണക്കുകൂട്ടലുകളും പൂർത്തീകരിക്കുന്നിടത്തോളം കാലം മാത്രം സ്നേഹമുണ്ട്. ഇത് Contract അടിസ്ഥാനത്തിലുള്ള സ്നേഹമാണ്. Contractual love എന്നാണ് ഇതിനുപേര്. ഇത് നമ്മെകൊണ്ട് കാര്യസാധ്യത്തിനായി സ്നേഹക്കച്ചവടം ചെയ്യിക്കുന്നു. ഇങ്ങോട്ടുണ്ടെങ്കിൽ അങ്ങോട്ടും എന്ന ഭാവം. ഭാര്യയ്ക്കു ഭർത്താവിൽനിന്നും ഭർത്താവിന് ഭാര്യയിൽ നിന്നും മാതാപിതാക്കൾക്ക് മക്കളിൽനിന്നും ഒക്കെയുള്ള പ്രതീക്ഷകൾ നടക്കാതെപോയാൽ സ്നേഹത്തിനുപകരം വിദ്വേഷം കടന്നുവരികയായി. ഈ സ്നേഹം ശുദ്ധമല്ല. സ്നേഹത്തിന്റെ പേരിൽ വഞ്ചിതരാകുകയാണ് നാം. പരിശുദ്ധസ്നേഹത്തിന്റെ പ്രതീകമാണ് ഭരതൻ. ഇനി നാം സ്വയം ഉള്ളിലോട്ടു നോക്കൂ. നമ്മൂടെ കുടുംബത്തിൽ എന്തിന്റെയാണ് കുറവ്. തിരിച്ചറിയൂ. തിരുത്തൽ വരുത്തൂ. കുടുംബ ജീവിതം സ്വർഗ്ഗമാക്കാം. കൂടുമ്പോൾ ഇമ്പം (സുഖം) ഉള്ളസ്ഥലം എന്നാണ് കുടുംബം എന്ന വാക്കിന്നർത്ഥം. ഇന്നോ? കൂടുമ്പോൾ തുമ്പം (ദുഃഖം). കുടുംബത്തിലും ഏതും വ്യക്തിബന്ധങ്ങളിലും മുഖ്യം സ്നേഹമാണ് (ഭരതൻ). സ്നേഹമുള്ളിടത്ത് ഭേദഭാവനയില്ല. എനിക്ക്, എന്റെ, നിന്റെ, ഞാൻ, നീ എന്നീ സ്വാർത്ഥചിന്തയില്ല. ഭരതൻ പോകുമ്പോഴാണ് മന്ഥരയും കൈകേയിയും (ഭേദഭാവനയും സ്വാർത്ഥചിന്തയും) രംഗപ്രവേശം ചെയ്യുക. അതായത്, സ്നേഹത്തിന്റെ അഭാവത്തിൽ, സ്നേഹം സ്വാർത്ഥതാല്പര്യത്തിനു വേണ്ടിയാകുമ്പോൾ. ചിന്തിക്കൂ! ഒരു ഭരതൻ മതി എല്ലാവരെയും തിരികെ കൊണ്ടുവരാൻ. അതുപോലെ കുടുംബത്തിൽ എല്ലാവരെയും ഒരുമിച്ചു കൊണ്ടുപോകാനും നിഷ്കളങ്കമായി സ്നേഹിക്കാനും കഴിവുള്ള ഒരുവ്യക്തി ഉണ്ടായാൽ മതിയായിരുന്നു, സ്ഥിതിഗതികൾമാറും. ഭഗവാൻ ശ്രീകൃഷ്ണൻ ഗോപികമാരോട് പറയുന്നതു ശ്രദ്ധിക്കൂ – ഇങ്ങോട്ട് സനേഹിക്കുന്നവരെ അങ്ങോട്ട് സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നതിൽ ധർമ്മവും സൗഹൃദവുമില്ല, സ്വാർത്ഥത്തിനാണത്. ഇങ്ങോട്ട് സ്നേഹിച്ചാലും ഇല്ലെങ്കലും അങ്ങോട്ട് മറ്റുള്ളവരെ സ്നേഹിക്കുകയും സേവിക്കുകയും

ചെയ്യുന്നതിൽ ധർമ്മവും സൗഹൃദവുമുണ്ട്. സ്നേഹം രണ്ടുതരമുണ്ട്. Conditional love & Unconditioanal love (സോപാധികസ്നേഹം, നിരുപാധികസ്നേഹം). I love you, because of.... I love you inspite of ........ ഇതിലേതാ നമ്മുടേത്? ചിന്തിക്കൂ! ആദ്യത്തേത് നിരാശയിലും സങ്കടത്തിലും മാത്രമേ അവസാനിക്കൂ. രണ്ടാമത്തേതിൽ പ്രതീക്ഷയില്ല. വ്യക്തി എങ്ങനെയേ, അങ്ങനെ അവരെ സ്വീകരിക്കുന്നു. പരസ്പരസ്നേഹം വരുമ്പോൾ എല്ലാവരും കുടുംബത്തിന്റെ ശ്രേയസ്സിനായി പ്രവർത്തിക്കും. ആർക്കും സ്വന്തം കാര്യം എന്നചിന്ത വരില്ല. അവിടേയ്ക്ക് എല്ലാവർക്കും ഓടിയെത്താൻ തോന്നും. അല്ലാത്ത വീട്ടിലേക്ക് വരാൻതോന്നില്ല. മനസ്സമാധാനം ഇല്ലാതാകും. അതുകൊണ്ട് വീട്ടിലേക്ക് വരാൻതന്നെമടിക്കും. കഴിയുന്നത്ര വൈകിയെത്തും. ചിലപ്പോൾ മദ്യം മുതലായവ കുടിച്ചും. വന്നാൽതന്നെ നിസ്സംഗത പുലർത്തും. ആരുടേയും ഒരു കാര്യത്തെക്കുറിച്ചും ചർച്ചചെയ്യില്ല. ടി.വി. കണ്ടു കൊണ്ടോ പേപ്പർ വായിച്ചുകൊണ്ടോ കുടുംബ കാര്യങ്ങളിൽനിന്നും ഒഴിഞ്ഞുമാറും. വായ തുറന്നാൽ ശകാരവും വഴക്കും കുറ്റപ്പെടുത്തലും. ഇതൊക്കെ സംഭവിക്കുന്നത് ഭരതന്റെ അഭാവം കൊണ്ടല്ലേ? സ്നേഹവും ത്യാഗവും സേവനഭാവവും മനസ്സിൽ നിന്നും പോകുമ്പോൾ ഭേദബുദ്ധിയും സ്വാർത്ഥതാല്പര്യങ്ങളും തലപൊക്കുന്നതു കാണാം. അവിടെ രാമനും സീതയ്ക്കും ലക്ഷ്മണനും സ്ഥിരമായി വസിക്കാൻ പറ്റില്ല. പരസ്പര ധാരണയും പരസ്പരം അറിയലും ഉൾക്കൊള്ളലും അംഗീകരിക്കലും നിസ്വാർത്ഥസേവനവും മറ്റുള്ളവരുടെ കാര്യത്തിൽ താത്പര്യവും ഒക്കെ അപ്രത്യക്ഷമാകും. പിന്നെ ശാന്തിയും സമാധാനവും സംതൃപ്തിയുമൊക്കെ എങ്ങനെയുണ്ടാകും? ഈ സ്ഥിതിക്ക് മാറ്റം വരുത്തണോ? പരിഹാരവും രാമായണത്തിൽ പറഞ്ഞുതരുന്നുണ്ട്. ഭരതനെയും ശത്രുഘ്നനെയും (സ്നേഹവും ത്യാഗവും) തിരിച്ചുകൊണ്ടുവരിക. അപ്പോൾ രാമായണം എക്കാലത്തും സംഭവിക്കുന്നതു കാണാം. ഏത് സംഘടനയിലും ഈ രാമായണം സംഭവിക്കുന്നതു കാണാം. സംഘടനയിലെ ഓരോവ്യക്തികളും പ്രവർത്തകരും മറ്റേഅംഗം തന്നേക്കാൾ ആത്മാർത്ഥതയുള്ളവനാണെന്ന് വിചാരിക്കണം. അപ്പോൾ പരസ്പരം ധാരണയും ബഹുമാനവും ആദരവുമുണ്ടാകും. ഞാൻ കേമൻ എന്ന ചിന്തയില്ല. എത്ര നല്ല അന്തരീക്ഷം ഐകമത്യവും സമാധാനവും സന്തോഷവുമുണ്ടാകും. അവിടെ എല്ലാവർക്കും ഓടിയെത്താനും സേവനം ചെയ്യാനും തോന്നും. മറിച്ചായാലോ? പകരം ഓരോരുത്തരും കരുതും. I am more sincere than others. There is no mutual love and understanding. Then I do not care for others. I will not listen to others. Then there is no love, respect understanding; only ego and selfishness. ആരും താഴാൻ തയ്യാറല്ല. പരസ്പരം കേൾക്കാതെ കുറ്റം പറയും. മറ്റുള്ള അഗങ്ങളുടെ വികാരങ്ങളെ മാനിക്കുകയില്ല. അവരെയും അവരുടെ അഭിപ്രായത്തെയും പരിഗണിക്കില്ല. പകരം പുച്ഛിക്കും. കാരണം ഏകാധിപത്യം. അവിടെ അശാന്തിയും അസ്വസ്ഥയും നിറയുന്നു. അവിടെ ആർക്കും പ്രവർത്തിക്കാനുള്ള ഉത്സാഹമോ താല്പര്യമോ കാണില്ല. ഇതുതന്നെ സമൂഹത്തിലും രാഷ്ട്രീയപാർട്ടികളിലും ഒക്കെ കാണാം. സ്നേഹാദരങ്ങളില്ല. പകരം സ്വാർത്ഥത. രാമായണം എല്ലായിടത്തും നടക്കുന്നുണ്ടോ? രാമായണത്തിന് ആധുനികകാലത്ത് പ്രസക്തിയില്ലേ? ചിന്തിക്കൂ! ഭരതൻ (സ്നേഹം) മാത്രമാണ് എല്ലാറ്റിനും പരിഹാരം. ഭരതൻ വിചാരിച്ചതുകൊണ്ട് കാട്ടിൽപോയ രാമൻ തിരിച്ചുവന്നു. കുടുംബത്തിലും പ്രസ്ഥാനങ്ങളിലും എവിടെയായാലും ഈ സ്നേഹത്തിന്റെ കുറവാണ് ഇന്നുകാണുന്നത്. സ്നേഹം കൊണ്ട് എല്ലാവരുടേയും ഹൃദയത്തെ ജയിക്കാം. നഷ്ടപ്പെട്ട ശാന്തിയും സമാധാനവും തിരിച്ചു കൊണ്ടുവരാം. അതിന്റെ ഉത്തരവാദിത്തം നമുക്ക് ഓരോരുത്തർക്കുമാണ്. ഉദാഹരണം പഴയകൂട്ടുകുടുംബവും ഇന്നത്തെ അണുകുടുംബവും. നമ്മുടെ ഭാവിയുടേയും ജീവിതത്തിന്റെയും ശില്പികളും വിധാതാക്കളും നാം തന്നെയാണ്.

## രാമായണ ആരതി

ദശരഥ രാമ ഹരേ – രാമ
സീതാരമണ ഹരേ
അയോദ്ധ്യനാഥാ ശുഭവരദായക (2)
ഹനുമത്സ്വാമി ഹരേ – രാമ
ദശരഥരാമ ഹരേ
ലക്ഷ്മണസഹിത ഹരേ – രാമ
ഭരതാരാദ്ധ്യഹരേ
ശത്രുഘ്നസേവിത
ഭക്തജനപ്രിയ (2)
രാവണനാശഹരേ – രാമ
ദശരഥരാമ ഹരേ
കല്യാണഗുണശീല – രാമ
ത്രേതായുഗപുരുഷ – രാമ
ശോകാർണ്ണവതരണ
അഖിലാധാര ജഗദോദ്ധാരക (2)
ഗുരുവായുപുരേശ – രാമ
ദശരഥ രാമ ഹരേ
ജയ ജയ ശ്രീരാമ – രാമ
ജയ സീതാ രാമ
തവപദപങ്കജമടിയനു ശരണം (2)
സതതം രഘുരാമ – രാമ
ദശരഥ രാമ ഹരേ